**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3122** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ കൊട്ടുന്താർ മേൽപ്പാടം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുമതി ലഭിച്ചിട്ടുള്ള കൊട്ടുന്താർ മേൽപ്പാടം പാലത്തിന്റെ നിർമ്മാണപുരോഗതി വിശദമാക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിലെ കൊട്ടുന്താർ മേൽപ്പാടം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 04.05.2017 തീയതിയിലെ GO(Rt).No.942/2017/PWD നമ്പർ ഉത്തരവ് പ്രകാരം 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 245 മീറ്റർ നീളമുള്ള പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 44.20 കോടി രൂപയുടെ ഡി പി ആർ 03.07.2019 ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഡി.പി.ആർ പരിശോധിച്ച ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് 16.09.2019 ൽ കിഫ്ബി ലഭ്യമാക്കുകയും കൺഫെർമേറ്ററി ബോറിങ് ഉൾപ്പെടെയുള്ള അധിക വിവരങ്ങൾ കിഫ്ബി ആവശ്യപ്പെട്ടിരുന്നതിൻ പ്രകാരമുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 07.01.2021 ൽ പൂർത്തിയായിട്ടുണ്ട്.<br><br>ബ്രിഡ്ജസ് ഡിവിഷൻ ആലപ്പുഴയിൽ നിന്നും 23.06.2021 ൽ പ്രവൃത്തി കെ.ആർ.എഫ്.ബി-പി.എം.യു ഏറ്റെടുത്തു. പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകന യോഗങ്ങൾക്കും, മണ്ഡലം അടിസ്ഥാന പ്പെടുത്തിയുള്ള കോൺസ്റ്റിട്യൂൻസി മോണിറ്ററിങ് ടീം യോഗങ്ങൾക്കും പുറമേ ബഹുമാനപ്പെട്ട ഹരിപ്പാട് എം.എൽ.എയുടെ അധ്യക്ഷതയിൽ ഹരിപ്പാട് പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ 09/03/2022ൽ പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പ്രത്യേക യോഗം ചേർന്നിരുന്നു. ആ യോഗത്തിൽ പ്രസ്തുത പാലത്തിന്റെ മേൽപ്പാടം ഭാഗത്തെ അപ്രോച്ച് റോഡ്, നിലവിലുള്ള ബണ്ട് റോഡ് ചേർത്ത് നിർമ്മിക്കുന്നതിന് ഹരിപ്പാട്, കുട്ടനാട് എം.എൽ.എ-മാർ സംയുക്തമായി ആവശ്യപ്പെട്ടു. ഈ ആവശ്യവും കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിൽ നിഷ്കർഷിച്ചിട്ടുള്ള മാറ്റങ്ങളും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്നതിനായുള്ള മണ്ണ് പരിശോധന പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം മുഖാന്തരം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>പൊതുമരാമത്തു വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 13.12.2022 തീയതിയിൽ നടന്ന അവലോകന യോഗത്തിൽ തീരുമാനിച്ച തനുസരിച്ച് പുതുക്കിയ അലൈൻമെൻറ് ഡ്രോയിങ് ചിഫ് എൻജിനീയർ ഡിസൈൻ വിഭാഗത്തിൽ നിന്നും 22.01.2023ന് കെ.ആർ.എഫ്.ബി-പി.എം.യു വിന് കൈമാറി. ഈ അലൈൻമെന്റിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള അലൈൻമെന്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഈ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഡി.പി.ആർ ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭ്യമാക്കി, സാമ്പത്തികാനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിക്കും. |
| (ബി) | 13.12.2022 ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകനയോഗത്തിൽ നിർദ്ദിഷ്ട പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിരുന്നതെന്നും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്നും അറിയിക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | കൊടുന്താർ മേൽപ്പാടം പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി ആരംഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ